<u>ബജറ്റ് 2013-2014 പുതുതായി ചേർത്തത്</u>

**216(എ). ഇൻഡസ്ട്രിയൽ എക്സിബിഷൻ**

വിദ്യാഭ്യാസം പൂർത്തീകരിച്ചതിനു ശേഷം സംരഭകരാകാൻ ആഗ്രഹിക്കുന്ന ചെറുപ്പക്കാരുടെ എണ്ണം വ്യവസായ നഗരമായ നമ്മുടെ നഗരത്തിൽ വർദ്ധിച്ചു വരുന്നു എന്നത് പ്രതീക്ഷക്ക് വക നൽകുന്ന കാര്യമാണ്. ഇത്തരത്തിൽ നൂതന ആശയങ്ങളുമായി പുതിയ വ്യവസായ സംരഭങ്ങൾ ആരംഭിക്കാൻ മുന്നിട്ടിറങ്ങുന്ന യുവതീ യുവാക്കൾക്ക് ആവശ്യമായ സൗകര്യങ്ങൾ നഗരസഭ ഒരുക്കുന്നതാണ്. ഇതിനായി വിവിധ സംരഭക സാധ്യതകളെ പരിചയപ്പെടുത്തുന്ന ഇൻഡസ്ട്രിയൽ എക്സിബിഷൻ നഗരത്തിൽ സംഘടിപ്പിക്കും. വിവധങ്ങളായ സംരഭക ഉപകരണങ്ങളുടെ പ്രദർശനവും അവയുടെ സാധ്യതകളും സെമിനാറുകളും ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിക്കും. സംരംഭകർക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകാൻ പ്രാപ്തമായവരുടെ നേതൃത്വത്തിൽ യുവസംരഭകർക്കായി ട്രെയിനിംഗ് പ്രോഗ്രാം ഇതിന്റെ പ്രധാന ഭാഗമാക്കും. അഭിരുചിക്കനുസൃതമായി തങ്ങളുടെ വ്യവസായ സംരംഭം തിരഞ്ഞെടുക്കുന്നതിനുള്ള അവസരം ഇതിലൂടെ ലഭ്യമാകും.

സംസ്ഥാന വ്യാവസായിക വകുപ്പ്, ചെറുകിട സംരഭക അസ്സോസിയേഷനുകൾ, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് എന്നിവരുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കും.

ഈ പദ്ധതിക്കായി 20 ലക്ഷം രൂപ നീക്കി വെക്കുന്നു.